## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 23.11.2024 മുതൽ 27.11.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 47/2024 (94) വെള്ളിയാഴ്ച | തീയ്യതി 22/11/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 23.11.2024 | 24.11.2024 | 25.11.2024 | 26.11.2024 | 27.11.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.2 | 0.1 | 0.1 | 0.5 | 3 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 320 | 290 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 3 | 4 | 3 | 3 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മഴ കുറഞ്ഞു വരുന്നതിനാൽ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | പോളചീയൽ | ഹെക്സകോനാസോൾ 5 ഇ സി 1.5 മി.ലി. ഒരുലിറ്റർ വെള്ളത്തിൽ ചേർത്ത്തളിക്കുക |
| മഞ്ഞൾ/ഇഞ്ചി | ഇല കരിച്ചിൽ | കാർബൻഡാസിം + മാങ്കോസെബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്ററിന് അല്ലെങ്കിൽ 1% ബോർഡോ മിശ്രിതം തളിച്ച് നനയ്ക്കുക. വിള പരിക്രമണം കർശനമായി പാലിക്കണം. രോഗം ബാധിച്ച ചെടികളുടെ റൈസോമുകൾ വിത്തുകളായി ഉപയോഗിക്കുന്നത് ഒഴിവാക്കുക. വിത്ത് റൈസോമുകൾ ബോർഡോ മിശ്രിതത്തിൽ അര മണിക്കൂർ മുക്കി, തണലിൽ വെച്ച് ഉണക്കിയ ശേഷം വിത്ത് ആവശ്യത്തിനായി സൂക്ഷിക്കുക. |
| വൃക്ഷവിളകൾ | പിങ്ക് രോഗം | ഹെക്സകോണസോൾ 5 ഇസി 2 മില്ലി ലിറ്ററിന് ചുവട്ടിൽ ഒഴിക്കുക/ തളിക്കുക. മഴ ശമിച്ച ശേഷം, രോഗം ബാധിച്ച ശാഖകൾ മുറിച്ചു മാറ്റി 10% ബോർഡോ പേസ്റ്റ് അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (ലിറ്ററിന് 10 ഗ്രാം) തേച്ചു പിടിപ്പിക്കുക |
| വാഴ | മാണവണ്ട് | വാഴയിൽ മാണവണ്ടിന്റെ ആക്രമണത്തിന് മുൻകരുതലായി ഓരോ വാഴക്കുഴിയിലും 250 ഗ്രാം വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കുക |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസം ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:- കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)